**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1810** **09-12-2022 - ൽ മറുപടിയ്ക്ക്**

**വീട്ടുകളിൽ പച്ചക്കറി വിത്തുകളും തൈകളും വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹനവുമായി ബന്ധപ്പെട്ട് വീട്ടുകളിൽ ഉദ്യോഗസ്ഥർ നേരിട്ട് പച്ചക്കറി വിത്തുകളും തൈകളും വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ ടി പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | ഇല്ല. എന്നാൽ, ജൈവകൃഷി പ്രോത്സാഹനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വീട്ടുകളിൽ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി, സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. കൂടാതെ സംസ്ഥാനത്തെ 1077 കൃഷിഭവനുകൾ വഴി കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധസംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്യുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിനായി ദീർഘകാല പച്ചക്കറി വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ തൈകളും സൗജന്യമായി കർഷകർക്ക് നൽകി വരുന്നു. സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക് ചെടിച്ചട്ടികളിലുള്ള കൃഷി, ലംബകൃഷി, ഹൈഡ്രോപോണിക്സ് കൃഷി, തുടങ്ങിയ കൃഷി രീതികൾ പ്രോത്സാഹിപ്പിച്ച് വരുന്നു.<br><br>സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 47.66 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളും, 138.36544ലക്ഷം പച്ചക്കറി തൈകളും നാളിതു വരെ വിതരണം നടത്തി കഴിഞ്ഞു. കൂടാതെ 3.81119 ലക്ഷം പരമ്പരാഗത ഇനം പച്ചക്കറി തൈകളും വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) | വീട്ടുകളിൽ പച്ചക്കറി വിത്തുകളും തൈകളും വിതരണം ചെയ്യുന്നുണ്ടെങ്കിൽ ആയത് പരിപാലിക്കുന്നുണ്ടോയെന്നറിയാൻ നിലവിൽ സർക്കാർ സംവിധാനങ്ങൾ ഉണ്ടോ; വിശദമാക്കാമോ? | (ബി) | വിതരണം നടത്തുന്ന പച്ചക്കറി തൈകളും വിത്തുകളും വീട്ടുവളപ്പുകളിൽ കൃഷി ചെയ്ത് പരിപാലിച്ച് പച്ചക്കറി ഉൽപാദിപ്പിക്കുന്നതിന് കർഷകർക്ക് വേണ്ട സഹായം നൽകുന്നതിനായി കൃഷി ഉദ്യോഗസ്ഥർ നിരന്തരമായി കൃഷിയിട സന്ദർശനം നടത്തി കൃഷി പരിപാലന മുറകളും, രോഗകീടനിർണ്ണയ |

| | | | |
|---|---|---|---|
| | | | പരിഹാരങ്ങളും നിർദ്ദേശിച്ചു വരുന്നു. കൂടാതെ കർഷകരുടെ കൃഷി സംബന്ധമായ പ്രശ്നങ്ങൾ വേഗത്തിൽ ദൂരീകരിക്കുന്നതിനായി സമൂഹ മാധ്യമ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ